"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി- ലൈസൻസുകൾ (മാനുഫാക്ച്ചറർ / ഡീലർ / റിപ്പയർ) പുതുക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 31 വരെ നീട്ടി നൽകി ഉത്തരവാകുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.130/2022/CAD തീയതി,തിരുവനന്തപുരം, 28-12-2022

---

പരാമർശം:- 1. ആൾ കേരള ലീഗൽ മെട്രോളജി ലൈസൻസീസ് & എംപ്ലോയീസ് യൂണിയന്റെ 07/12/2022ലെ എം/ഡി/22 നമ്പർ നിവേദനം.

2. ലീഗൽ മെട്രോളജി കൺട്രോളറുടെ 23-12-2022 ലെ സി4-2698/22 നമ്പർ കത്ത്

**ഉത്തരവ്**

ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും ലൈസൻസികൾക്ക് നൽകുന്ന ലൈസൻസ് പുതുക്കുന്നതിനുള്ള സമയം 2022 ഡിസംബർ 31 വരെയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ലൈസൻസ് പുതുക്കുന്നതിനുള്ള മേൽ സമയപരിധി, 2023 ജനുവരി 31 വരെ നീട്ടി നൽകണമെന്ന് പരാമർശം (1) പ്രകാരം ആൾ കേരള ലീഗൽ മെട്രോളജി ലൈസൻസീസ് & എംപ്ലോയീസ് യൂണിയൻ അപേക്ഷിച്ചിരിന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും നൽകുന്ന ലൈസൻസുകൾ (മാനുഫാക്ച്ചറർ / ഡീലർ / റിപ്പയർ) പുതുക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 31 വരെ നീട്ടി നൽകുന്നതിന് ലീഗൽ മെട്രോളജി കൺട്രോളർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജ്യോതിലക്ഷ്മി എൽ

ഡെപ്യൂട്ടിസെക്രട്ടറി

കൺട്രോളർ,ലീഗൽ മെട്രോളജി വകുപ്പ്,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ),തിരുവനന്തപുരം

നവ-ദൃശ്യ-അച്ചടി വിഭാഗം,(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു.ഭക്ഷ്യ വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്